പതിനാലാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 2019

08.03.2018 - ൽ മറുപടിക്ക്.

## വ്യവസായ സ്ഥാപനങ്ങളിൽ പുതിയ സാങ്കേതിക വിദ്യ കണ്ടെത്തുവാൻ പദ്ധതി

ചോദ്യം

ശ്രീ. ആബിദ് ഹുസൈൻ തങ്ങൾ

മറുപടി

ശ്രീ. എ. സി. മൊയ്തീൻ

(വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി).

| ചോദ്യം | | മറുപടി |
|---|---|---|
| (എ) | വ്യവസായ വകുപ്പിന്റെ കീഴിലുള്ള വ്യവസായ സ്ഥാപനങ്ങളിൽ നൂതനമായ സാങ്കേതിക വിദ്യ ഉപയോഗിക്കാനും പുതിയവ കണ്ടെത്തുവാനും പദ്ധതിയുണ്ടോ ; വ്യക്തമാക്കാമോ ; | (എ) : കെ.ഇ.എൽ (കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനിയറിങ് കമ്പനി ലിമിറ്റഡ്) കെ.എ.എൽ (കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്) എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിൽ ഇതിനായി പദ്ധതിയുണ്ട്. |
| (ബി) | പെട്രോൾ, ഡീസൽ എന്നിവയെ പൂർണമായും ആശ്രയിക്കാതെ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന മോട്ടോറുകളും എഞ്ചിനുകളും കണ്ടെത്തുവാനുള്ള പദ്ധതി ഏതെങ്കിലും പൊതുമേഖലാ സ്ഥാപനം ആരംഭിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ ; | (ബി) : & (സി) കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിൽ വൈദ്യുതി കൊണ്ട് പ്രവർത്തിക്കുന്ന ഓട്ടോറിക്ഷ നിർമ്മിക്കുന്നതിനുള്ള പദ്ധതി പ്രാഥമിക ഘട്ടത്തിലാണ്. കെല്ലിൽ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങൾക്കാവശ്യമായ മോട്ടോറുകളുടെ സാങ്കേതിക വിദ്യ വികസിപ്പിക്കുന്ന തിനുള്ള പദ്ധതിയുടെ ആസൂത്രണം നടക്കുന്നുണ്ട്. |
| (സി) | കെ.ഇ.എൽ (കേരള ഇലക്ട്രിക്കൽ & അലൈഡ് എഞ്ചിനിയറിങ് കമ്പനി ലിമിറ്റഡ്) കെ.എ.എൽ (കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ്) തുടങ്ങിയ സ്ഥാപനങ്ങളിൽ വൈദ്യുതി ഉപയോഗിച്ച് പ്രവർത്തിക്കുന്ന മോട്ടോർ കാറുകൾ, ബസ്സുകൾ, ഓട്ടോറിക്ഷകൾ, സ്കൂട്ടറുകൾ, ഫാക്ടറികളിലും വ്യവസായ സ്ഥാപനങ്ങളിലും ആവശ്യമായ എഞ്ചിനുകൾ എന്നിവ നിർമ്മിക്കുവാൻ പദ്ധതിയുണ്ടോ;വ്യക്തമാക്കാമോ ? | |
| (ഡി) | പ്രസ്തുത സ്ഥാപനങ്ങളിൽ സോളാർ എനർജി ഉപയോഗിച്ച് പ്രവർത്തിക്കുന്ന എഞ്ചിനുകൾ നിർമ്മിക്കുന്നതിന് ആവശ്യമായ പദ്ധതികൾ തയ്യാറാക്കി മലിനീകരണം കുറയ്ക്കുവാൻ നടപടി സ്വീകരിക്കാമോ ; | (ഡി) : മേൽപ്പറഞ്ഞ സ്ഥാപനങ്ങളിൽ കേരള ആട്ടോമൊബൈൽസ് ലിമിറ്റഡിൽ സോളാർ അധിഷ്ഠിതമായ ഓട്ടോറിക്ഷകൾ വിപണിയിൽ ഇറക്കുവാൻ പദ്ധതിയുണ്ട്. |
| (ഇ) | പ്രസ്തുത സ്ഥാപനങ്ങളിൽ പരിസര മലിനീകരണം പരമാവധി കുറക്കുവാൻ നടപടി സ്വീകരിക്കാമോ ; വ്യക്തമാക്കാമോ ? | (ഇ) : നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.